# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂലൈ 29

# വാർത്താക്കുറിപ്പ്

## എം.ജി.യിൽ ബിരുദ പ്രവേശനം; രജിസ്റ്റർ ചെയ്തത് 31252 പേർ - അപേക്ഷയിലെ തെറ്റ് തിരുത്താൻ പിന്നീട് അവസരം നൽകും

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ബിരുദ പ്രോഗ്രാമുകളിലേക്ക് ഏകജാലകം വഴിയുള്ള പ്രവേശനത്തിന് 25 മണിക്കൂറിനുള്ളിൽ ഓൺലൈനായി രജിസ്റ്റർ ചെയ്തത് 31252 പേർ. ജൂലൈ 28ന് ഉച്ചകഴിഞ്ഞാണ് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചത്. www.cap.mgu.ac.in എന്ന വെബ്സൈറ്റിലൂടെയാണ് രജിസ്റ്റർ ചെയ്യേണ്ടത്. ഓൺലൈൻ അപേക്ഷയിൽ തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ തിരുത്തുന്നതിനും ഓപ്ഷനുകളിൽ മാറ്റം വരുത്തുന്നതിനും പിന്നീട് അവസരം നൽകും. ഇതിനുള്ള തീയതി പിന്നീട് പ്രഖ്യാപിക്കും. കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രജിസ്ട്രേഷനുള്ള അവസാന തീയതി പ്രഖ്യാപിച്ചിട്ടില്ല. അതിനാൽ അപേക്ഷ നൽകുന്നതിനായി അക്ഷയ കേന്ദ്രങ്ങളെയും മറ്റും ആശ്രയിക്കുന്നവർ തിരക്കൊഴിവാക്കി സാമൂഹിക അകലം പാലിച്ച് അപേക്ഷ നൽകുന്നതിന് ശ്രദ്ധിക്കണം.

(പി.ആർ.ഒ/39/773/2020)

## എം.ജി. ബിരുദപ്രവേശനം; സ്പോർട്സ്, കൾച്ചറൽ, വികലാംഗ ക്വാട്ടയ്ക്ക് അപേക്ഷ നൽകണം

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ബിരുദ പ്രോഗ്രാമുകളിൽ സ്പോർട്സ്, കൾച്ചറൽ, വികലാംഗ ക്വാട്ടയിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർ ഏകജാലകത്തിലൂടെ (ക്യാപ്) ഓൺലൈനായി അപേക്ഷ നൽകണം. അപേക്ഷകർ ക്യാപ് മെരിറ്റ് സീറ്റിലേക്ക് അപേക്ഷ നൽകിയശേഷം ലഭിക്കുന്ന അപേക്ഷ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് 'നോൺ ക്യാപ്' രജിസ്ട്രേഷനിൽ രജിസ്റ്റർ ചെയ്ത് സ്പോർട്സ്, കൾച്ചറൽ, വികലാംഗ ക്വാട്ടയിലേക്ക് ഓപ്ഷൻ നൽകണം. ഇതിനായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യണം. നോൺ ക്യാപിൽ രജിസ്റ്റർ ചെയ്യാത്തവരെ സ്പോർട്സ്, കൾച്ചറൽ, വികലാംഗ ക്വാട്ടയിൽ പരിഗണിക്കില്ല.

(പി.ആർ.ഒ/39/774/2020)

## പരീക്ഷഫലം

2020 ഫെബ്രുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എസ്സി. (മോഡൽ 1, 2, 3 - സി.ബി.സി.എസ്. - സ്പെഷൽ സപ്ലിമെന്ററി - 2017 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 10 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/775/2020)

## ഹാർഡ്‌വെയർ/നെറ്റ്‌വർക്ക് എൻജിനീയർ താൽക്കാലിക ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാലയിൽ കരാറടിസ്ഥാനത്തിൽ താൽക്കാലികമായി സീനിയർ ഹാർഡ്‌വെയർ/നെറ്റ്‌വർക്ക് എൻജിനീയർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള ഇന്റർവ്യൂ ഓഗസ്റ്റ് 10ന് നടക്കും. രണ്ട് ഒഴിവാണുള്ളത്. ഉച്ചകഴിഞ്ഞ് 2.30ന് സർവകലാശാല ആസ്ഥാനത്താണ് ഇന്റർവ്യൂ. മാസം 20000 രൂപ ലഭിക്കും. താല്പര്യമുള്ളവർ ബയോഡാറ്റ, യോഗ്യത, പ്രായം, ജാതി, പ്രവൃത്തിപരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം അപേക്ഷ ada4@mgu.ac.in എന്ന ഇമെയിലിലേക്ക് ഓഗസ്റ്റ് നാലിന് മുമ്പ് അയയ്ക്കണം. അപേക്ഷകന്റെ ഇമെയിൽ വിലാസവും മൊബൈൽ നമ്പരും ബയോഡാറ്റയിൽ ഉൾപ്പെടുത്തണം. വിശദവിവരം www.mgu.ac.in എന്ന സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2733303.

(പി.ആർ.ഒ/39/776/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ